പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4703 29.06.2012- ൽ മറുപടിയ്ക്ക്

<u>സംരംഭകത്വ വികസന പദ്ധതി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ വികസന പദ്ധതി വഴി എന്തെല്ലാം കാര്യങ്ങൾ ആണ് ലക്ഷ്യമിടുന്നത് ; | (എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിപാടിയിലൂടെ ദീർഘ വീക്ഷണമുള്ള സംരംഭകരെ വൈദഗ്ദ്ധ്യ വികസനത്തിന് സഹായിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | സംരംഭകത്വവികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; | (ബി) | ലഭ്യമാക്കാം. സംരംഭകരെ മൃഗസംരക്ഷണ മേഖലയിൽ ആകർഷിയ്ക്കുന്നതിനും അവരുടെ വൈദഗ്ദ്ധ്യ വികസനം പ്രോത്സാഹിപ്പിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പരിശീലനം നൽകി സഹായിക്കുക, പൗൾട്രി ഡ്രസ്സിംഗ് സ്റ്റാളുകൾ സ്ഥാപിയ്ക്കുന്നതിനുള്ള നൈപുണ്യ വികസനം , ശാസ്ത്രീയ കറവക്കാരെ രൂപപ്പെടുത്തുക, ശ്വാനപരിപാലനത്തിലും, മറ്റ് മേഖലകളിലും വിദഗ്ദ്ധ പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗങ്ങൾ. ഇതിനായി ജില്ലകളിൽ നിക്ഷേപക സംഗമങ്ങളും മേഖലാതലത്തിൽ സെമിനാറുകളും നടപ്പിലാക്കും. |
| (സി) | പ്രസ്തുത പദ്ധതി കർഷകരിലെത്തിക്കുവാനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (സി) | പദ്ധതിക്ക് ഈ സാമ്പത്തിക വർഷം ഭാഗീകമായി അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൂർണ്ണമായി അംഗീകാരം നൽകുന്നതി- നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിപ്രകാരം എത്ര കർഷകർക്ക് ഗുണം ലഭിച്ചു ; വിശദാംശം നൽകാമോ; | (ഡി) | പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്. |
| (ഇ) | പ്രസ്തുത പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതി- നായി എന്തെല്ലാം നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാ നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഇ) | താത്പര്യമുള്ള കർഷകരെ സുതാര്യമായി തെരഞ്ഞെടുക്കുകയും, അവർക്ക് താത്പര്യമുള്ളതും, അനുയോജ്യവുമായ, മൃഗസംരക്ഷണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി പുതിയ സംരംഭകരാക്കാനാണ് ഉദ്ദേശിയ്ക്കുന്നത്. അതോടൊപ്പം പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി വിദഗ്ദ്ധരെ പരിശീലിപ്പിക്കുകയും ചെയ്യും. |
| (എഫ്) | പ്രസ്തുത പദ്ധതിക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര ; അത് പര്യാപ്തമാണോ ; അല്ലെങ്കിൽ വർദ്ധിപ്പിക്കുമോ; എത്രയെന്ന് വ്യക്തമാക്കാമോ ? | (എഫ്) | പ്രസ്തുത പദ്ധതിയ്ക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ നീക്കി വച്ച തുക 350 ലക്ഷം രൂപയാണ്. വിദഗ്ദ്ധ പരിശീലനത്തിനായി ഈ തുക പര്യാപ്തമാണെങ്കിലും പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് പുതിയ സംരംഭം തുടങ്ങുന്നതിന് പദ്ധതി വിഭാവനം ചെയ്യിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് ഒരു കോടി രൂപ അധികമായി ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ